പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3436</u> <u>15/07/2015 ൽ മറുപടിക്ക്</u>

## മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട് ; ഈ ആശുപത്രികളിലെ ബെഡ് സ്ട്രെങ്ത് എത്ര വീതം എന്നും ദിനം പ്രതിയുള്ള ഒ.പി. എത്ര എന്നും വിശദമാക്കാമോ ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ ആശുപത്രിയിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത് 190, ശരാശരി ഒ.പി. 450.<br><br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 4 ആശുപത്രികളിൽ പുതുതായി മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട്. ബെഡ് സ്ട്രെങ്ത്തും ദിനംപ്രതിയുള്ള ഒ.പി.യും ചുവടെ ചേർക്കുന്നു. |

| നം. | പേരും സ്ഥാപനവും | ബെഡ് സ്ട്രെങ്ത് | ആവറേജ് ഡെയ് ലി ഒ.പി. |
|---|---|---|---|
| 1 | ജില്ലാ ആശുപത്രി, നിലമ്പൂർ | 142 | 1173 |
| 2 | താലൂക്ക് ആശുപത്രി, പാമ്പാടി | 225 | 629 |
| 3 | ജി. എച്ച്. ഇരിങ്ങാലക്കുട | 216 | 779 |
| 4 | താലൂക്ക് ആശുപത്രി, ഫോർട്ട് | 76 | 499 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വരുന്ന ഒ. പി. അനുസരിച്ച് ഇവിടെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി അത്യാവശ്യമാണ് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (ബി) കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒ.പി. 2500 ഉം ബെഡ് സ്ട്രെങ്ത് 159 ഉം ആണ്. കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒ.പി. അനുസരിച്ച് അവിടെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലേയ്ക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**